**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 663** **08-10-2024 - ൽ മറുപടിയ്ക്ക്**

**വിലങ്ങാട് ഉരുൾ പൊട്ടിയ മേഖലയിലെ വൈദ്യുതി ചാർജ് ഒഴിവാക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വയനാട്ടിലെ ഉരുൾപൊട്ടൽ മേഖലയിൽ സർക്കാർ അനുവദിച്ച എല്ലാ ആനുകൂല്യങ്ങളും വിലങ്ങാടും പരിഗണിക്കാൻ സർക്കാർ ഉത്തരവിട്ടെങ്കിലും വിലങ്ങാട് മേഖലയിൽ വൈദ്യുതി എനർജി ചാർജ് ഒഴിവാക്കുന്നതിന് നിർദേശം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. വയനാട്ടിലെ ഉരുൾപൊട്ടൽ മേഖലയിൽ വൈദ്യുതി വകുപ്പ് അനുവദിച്ച ആനുകൂല്യങ്ങൾ വിലങ്ങാട് കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു. നാദാപുരം നിയമസഭാംഗം നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയ്ക്ക് കൂടി ആനുകൂല്യം നൽകണമെന്ന് നിർദ്ദേശം നൽകുകയും ഇതിനനുസരിച്ച് ആനുകൂല്യം ലഭ്യമാക്കിയാൽ കെ.എസ്.ഇ.ബി.എൽ-ന് ഉണ്ടാകുന്ന ബാധ്യത ഉൾപ്പെടെ കണക്കാക്കി ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് നാദാപുരം നിയമസഭാംഗം നൽകിയ കത്തിന്മേൽ നാളിതു വരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ? | (ബി) | ഉണ്ട്. വയനാട്ടിലെ ഉരുൾപൊട്ടൽ മേഖലയിൽ വൈദ്യുതി വകുപ്പ് അനുവദിച്ച ആനുകൂല്യങ്ങൾ വിലങ്ങാട് കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു. നാദാപുരം നിയമസഭാംഗം നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയ്ക്ക് കൂടി ആനുകൂല്യം നൽകണമെന്ന് നിർദ്ദേശം നൽകുകയും ഇതിനനുസരിച്ച് ആനുകൂല്യം ലഭ്യമാക്കിയാൽ കെ.എസ്.ഇ.ബി.എൽ-ന് ഉണ്ടാകുന്ന ബാധ്യത ഉൾപ്പെടെ കണക്കാക്കി ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ